പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6452

08.11.2016 ൽ മറുപടിക്ക്

## കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനന യൂണിറ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന എത്ര ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനന യൂണിറ്റുകൾ ഉണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന 51 കരിങ്കൽ ക്വാറികളും 10 ക്രഷർ യൂണിറ്റുകളും ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ നിയമവിരുദ്ധമായി ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഉണ്ട്. കൊട്ടാരക്കര താലൂക്കിൽ കരീപ്ര വില്ലേജിൽ ബ്ലോക്ക് നം. 7 ൽ സർവ്വേ നം. 122/1,2,6,8,9,15,16,10-2,10,17 ൽ പ്പെട്ട സ്ഥലങ്ങളിലെ അനധികൃത പാറഖനനം 20.09.16 ന് കൊട്ടാരക്കര താലൂക്ക് സർവ്വേയറോടൊപ്പം അളന്ന് തിട്ടപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല ഉടമകൾക്ക് നോട്ടീസ് നൽകി പിഴ ഈടാക്കാനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ കൊല്ലം ജില്ലാ ആഫീസിൽ നിന്നും സ്വീകരിച്ചുവരുന്നു.<br>മൈലം വില്ലേജിൽ ബ്ലോക്ക് നം. 15 ലെ റീ സർവ്വേ നം. 362/2, 362/7, 361/21, 361/22-1, 361/22-2 ൽപ്പെട്ട സ്ഥലങ്ങളിലെ അനധികൃത കരിങ്കല്ല് ഖനനത്തിനെതിരെ സ്ഥല ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.<br>വാളകം വില്ലേജിൽ സർവ്വേ നം. 444 ൽ പ്പെട്ട സർക്കാർ പാറ പുറമ്പോക്കിലും സ്വകാര്യ ഭൂമിയിലും അനധികൃത കരിങ്കല്ല് ഖനനം നടത്തിയതിന് പെർമിറ്റുടമയ്ക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി താലൂക്ക് സർവ്വേയറുമായി ചേർന്ന് വകുപ്പിന്റെ കൊല്ലം ജില്ലാ ആഫീസിൽ നിന്നും 28.07.2016 ന് സംയുക്ത സ്ഥലപരിശോധന നടത്തി അനധികൃത ഖനനം തിട്ടപ്പെടുത്തി പെർമിറ്റുടമയ്ക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു.<br>വെളിയം വില്ലേജിലെ കുടവട്ടൂർ മലയിൽ |

അനധികൃത പാറഖനനം കണ്ടെത്തിയതിനെ തുടർന്ന് അതിനെതിരെ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി സ്ഥല ഉടമകളുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] ആണ്